بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*22 June 2012 ~ 01 Shabaan 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാനാശംസകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ മുനീർ അഹ് മദ് അസീം(അ) തശഹ്ഹുദ്,തഅവ്വദ്,സൂറ:അൽഫാത്തിഹ എന്നിവ ഓതിയശേഷം അദ്ദേഹം പറഞ്ഞു.

ആധുനികലോകത്ത്, പ്രത്യേകിച്ച് ഇപ്പോഴത്തെ സാമൂഹ്യകാലാവസ്ഥയിൽ മുസ്ലിം രക്ഷിതാക്കൾക്കും അവരുടെ കുട്ടികൾക്കും അനേകം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

ഇന്നത്തെ എന്റെ ഖുത്തുബയിൽ, ഇൻഷാ അല്ലാഹ് ഇസ്ലാമിന്റെ അധ്യാപനങ്ങളിലെ അനേകം ഉദാഹരണങ്ങളിൽ നിന്ന് ഒരെണ്ണം എടുത്തു കാണിക്കുവാൻ ഉദ്ദേശിക്കുകയാണ്. അതായത് ശാസ്ത്രം ഇസ്ലാമിന്റെ അധ്യാപനത്തെ സത്യപ്പെടുത്തിരിയിരിക്കുന്ന ഒരു കാര്യം വിശദമായി പ്രതിപാദിക്കുന്ന അത്ഭുതകരമായ കാര്യത്തെ ഒരുവന് എങ്ങനെയാണ് നിഷേധിക്കുവാൻ കഴിയുന്നത്? അതായത് അല്ലാഹുവിന്റെ അസ്ഥിത്വത്തേയും വിശുദ്ധ ഖുർ ആന്റെ സത്യതയെയും. ഈ ഉദാഹരണത്തിൽ നിന്നും നമുക്കു മനസിലാക്കുവാൻ കഴിയുന്ന ഒരു വസ്തുത അതായത് ഒരുവന്റെ ജീവിതയാത്രയിലൂടെ മനുഷ്യജീവിക്ക് മൃഗീയതൃഷ്ണയുടെ അവസ്ഥയിൽ നിന്ന് പുരോഗമിച്ച് ആത്മീയ വളർച്ചയിലൂടെ പരിപൂർണ്ണാവസ്ഥയിലേക്ക് ആത്മാവ് ശാന്തി പ്രാപിക്കുന്ന അവസ്ഥയിലേക്ക് വളരുവാനുള്ള അവസ്ഥയ്ക്കുള്ള ശക്തമായ തെളിവുകളാണ് നിരത്തുന്നത്.

ഒരു കുട്ടിക്ക് വിശക്കുമ്പോൾ, ഏതൊരു വന്യജീവിയെയും പോലെ അതിന്റെ വിശപ്പടങ്ങുന്നതുവരെ മറ്റൊന്നിനെയും കുറിച്ച് ചിന്തിക്കാറില്ല. വയറു നിറഞ്ഞു കഴിഞ്ഞാൽ, കുട്ടിക്ക് മറ്റു കാര്യങ്ങളെ കുറിച്ച് ചിന്തിക്കുവാൻ കഴിയുന്നു. ഒരു പക്ഷേ കൂടുതൽ ബൗദ്ധികമായ കാര്യങ്ങളെക്കുറിച്ച്. മൃഗലോകത്തും ആക്രമിച്ച് കീഴ്പ്പെടുത്തുവാൻ കഴിവുള്ള സിംഹത്തെപോലുള്ളവ അവയുടെ വയറു നിറഞ്ഞിരുന്നാൽ മറ്റു മൃഗങ്ങൾക്ക് അപകടങ്ങൾ ഒന്നും വരുത്തി വയ്ക്കില്ല. അല്ലെങ്കിൽ മറ്റു ജീവികളെ കൊല്ലുകയും തിന്നുകയും ചെയ്യും. വയറു നിറഞ്ഞു കഴിഞ്ഞാൽ അതിന് മറ്റു കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനുള്ള മനസ്സുവരുന്നു. അതായത് കളിക്കുവാനും ഇണയെ കണ്ടെത്തുവാനും കുംടുംബമായി കഴിയുവാനും മറ്റും. മൃഗങ്ങൾ ഒരിക്കലും കഴിഞ്ഞ കാല ചരിത്രങ്ങളിലൂടെ പുരോഗതി നേടിയിട്ടില്ല, എന്നാൽ മനുഷ്യരുടെ കാര്യം അപ്രകാരമല്ല.അവന് തീർച്ചയായും പുരോഗതി ആർജ്ജിക്കുവാൻ കഴിയുന്നതാണ്. പ്രതീക്ഷിക്കാവുന്നതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം മൃഗങ്ങളുടെ കൂട്ടത്തിൽ മനുഷ്യന് മാത്രമാണ് അതായത് പ്രായപൂർത്തിയായ മനുഷ്യന് തന്റെ ഇച്ഛകളെ വേണ്ടെന്നു വയ്ക്കുവാനുള്ള കഴിവുള്ളത്. ഉദാഹരണത്തിന് നമുക്ക് ശക്തമായ വിശപ്പുണ്ടെന്നിരിക്കെ, ആ വിശപ്പിനെ മറികടക്കുവാനും മറ്റു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കഴിയുന്നതാണ്. ഇതു സത്യമാണെന്നിരിക്കെ, അല്ല സത്യമാണ്, ഇതുപോലെ നമ്മുടെ മറ്റെല്ലാ ഇച്ഛകളെയും നിയന്ത്രിക്കുന്നതിന് മനുഷ്യന് കഴിയുന്നതാണ്. മറ്റൊരു മൃഗത്തിനും അവയുടെ ഇച്ഛകളെ ഇപ്രകാരം അതിജീവിക്കുവാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്.

നാം ടെലിവിഷൻ പരസ്യങ്ങളിലും സർക്കസുകളിലും കാണാറുള്ള ചിമ്പാൻസികളെ ശ്രദ്ധിക്കുക.നന്നായി പ്രകടനം കാഴ്ച വെച്ചാൽ നല്ല ആഹാരം ലഭിക്കുമെന്ന കാര്യം അവയ്ക്കറിയാം. പട്ടിണിയിൽ നിന്ന് രക്ഷ നേടാൻ വിഷമകരമായ അഭ്യാസങ്ങൾ പോലും കാഴ്ച വയ്ക്കുവാനും അതിലൂടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാനും ചിമ്പാൻസികൾക്ക് കഴിയുന്നുണ്ട്. കാട്ടിൽ ഈ ബുദ്ധി ഉപയോഗിച്ച് തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ അവയ്ക്ക് കഴിയും. ഉദാഹരണമായി, മരങ്ങളുടെ പൊത്തിനുള്ളിലും മറ്റു കൂടുകളിലും സൂക്ഷിക്കപ്പെട്ടിരിക്കുന്ന മാധുര്യ ആഹാരവസ്തുക്കൾ കിനിഞ്ഞെടുക്കവാൻ, വേണ്ട ചെറു ഉളി ഉപകരണങ്ങൾ അവ ഉണ്ടാക്കുന്നു.അതേസമയം മനുഷ്യബുദ്ധിക്ക് ശരിയായ പരിശീലനവും ആവശ്യമായ പരിചയവും കൊണ്ട് ഈ അവസ്ഥയിൽ നിന്ന് ഏറെ മുന്നോട്ടു പോകുവാൻ കഴിയും. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനപ്പുറം അവയെ നിയന്ത്രിക്കുന്നതിനും അതിലൂടെ ദൈവീക ധാർമ്മികത നിലനിർത്തുന്നതിനും ആത്മീയ ജീവിതം ആർജ്ജിക്കുന്നതിനും മനുഷ്യനു കഴിയും. ഈ വിഷയത്തിൽ ഇസ്ലാമും ശാസ്ത്രവും എങ്ങനെയാണ് കൈകോർത്തു പോവുന്നതെന്ന് വിശദീകരിക്കുവാൻ ഞാൻ ഈ ഖുത്തുബയിലൂടെ ആഗ്രഹിക്കുകയാണ്. വിശുദ്ധ ഖുർ ആൻ അധ്യായത്തിലെ മൂന്നാം അധ്യായത്തിൽ സൂറ:

ആല് ഇമ്റാനിൽ സർവ്വശക്തനായ അല്ലാഹു ചില ചരിത്രസംഭവങ്ങൾ വിശദമാക്കുന്നു. ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ഓർക്കുക) നാഥാ, എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കി കൊണ്ട് നിനക്കു വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതു കൊണ്ട് നീ എന്നിൽ നിന്ന് (അത്) സ്വീകരിക്കേണമെ. എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു. എന്റെ നാഥാ ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ്.

(അവൾ ഉദ്ദേശിച്ച) ആൺകുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ. ഞാൻ അവൾക്ക് മർയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവരുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിന്റെ ( ഉപദ്രവത്തിൽ നിന്ന് രക്ഷിക്കാനായി) ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു. അങ്ങനെ അവരുടെ നാഥൻ (അല്ലാഹു) അവളെ നല്ല നിലയിൽ സ്വീകരിച്ചു. ഉത്തമമായ നിലയിൽ അവളെ പരിപാലിച്ചു. വളർത്തി. സക്കരിയ്യായെ അവളുടെ രക്ഷാധികാരിയായി ഏല്പ്പിക്കുകയും ചെയ്തു. സക്കരിയ്യാ അവളുടെ അടുക്കൽ പ്രാർത്ഥനാ മുറിയിൽ പ്രവേശിക്കുമ്പോഴെല്ലാം എന്തെങ്കിലും ഒരു ഭക്ഷണ പദാർത്ഥം അവളുടെ അടുക്കൽ കാണാറുണ്ടായിരുന്നു. മർയമേ, ഇത് നിനക്ക് എവിടെ നിന്ന് കിട്ടി, എന്ന് അദ്ദേഹം ചോദിച്ചു. ഇത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിശ്ചയമായും അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് കണക്കില്ലാതെ നല്കുന്നു. എന്ന് അവൾ പറഞ്ഞു.(അപ്പോൾ) അവിടെ വച്ച് സക്കരിയ്യ തന്റെ നാഥനെ വിളിച്ചു പ്രാർഥിച്ചു.അദ്ദേഹം പറഞ്ഞു എന്റെ നാഥാ, നീ എനിക്ക് നിന്റെ പക്കൽ നിന്ന് പരിശുദ്ധരായ സന്തതികളെ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ അങ്ങനെ അദ്ദേഹം പ്രാർത്ഥനാ മുറിയിൽ നിന്നു കൊണ്ട് നമസ്ക്കരിക്കുമ്പോൾ മലക്കുകൾ അദ്ദേഹത്തെ വിളിച്ചു പറഞ്ഞു. നിശ്ചയമായും അല്ലാഹു അവങ്കൽ നിന്നുള്ള ഒരു വചനത്തെ പൂർത്തിയാക്കുന്നവനും, നേതാവും നിർമ്മലനും സദ്വൃത്തരിൽ നിന്നുള്ള ഒരു പ്രവാചകനുമായിട്ട് (വരുന്ന) യഹ്യായെ സംബന്ധിച്ച് നിനക്ക് സുവിശേഷമറിയിക്കുന്നു. അദ്ദേഹം പറഞ്ഞു. എന്റെ നാഥാ, എനിക്ക് എങ്ങനെ ഒരു പുത്രനുണ്ടാകും. എന്നെ വാർദ്ധക്യം ബാധിച്ചു കഴിഞ്ഞിരിക്കുന്നുവല്ലോ. എന്റെ ഭാര്യ വന്ധ്യയാണു താനും. അവൻ (അല്ലാഹു) പറഞ്ഞു. അങ്ങനെ തന്നെയാണ് (കാര്യ നടക്കുക) അല്ലാഹു ഇച്ഛിക്കുന്നത് അവൻ പ്രവർത്തിക്കുന്നു.(3:36–41)

ഓരോ സത്യ വിശ്വാസിയും സദ്വൃത്തരായ കുട്ടികൾ ജനിക്കുന്നതിന്നായി ആഗ്രഹിക്കുന്നവരാണ് എന്നതിലേക്കാണ് ഈ വചനം വെളിച്ചം വീശുന്നത്. ആ കുട്ടികളെ അല്ലാഹു സ്വീകരിക്കുകയും അംഗീകരിക്കുകയും അവർ (കുട്ടികൾ) അവരുടെ സേവനം ദൈവമാർഗ്ഗത്തിൽ അർപ്പണം ചെയ്യുന്നവരുമായിരിക്കും. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ആൺകുട്ടികളും പെൺകുട്ടികളും വിലപ്പെട്ടതു തന്നെയാണ്. അല്ലാഹുവിന്റെ ബൃഹത് പദ്ധതിയിൽ ഓരോരുത്തർക്കും അവരവരുടേതായ പങ്കു വഹിക്കാനുണ്ട്.

അല്ലാഹുവിൽ നിന്ന് നമുക്ക് ലഭിക്കുന്ന സമ്മാനങ്ങളാണ് കുട്ടികൾ. ഈ സമ്മാനങ്ങളുടെ ഉറവിടം അല്ലാഹു ആണെന്നിരിക്കെ അവൻ (അല്ലാഹു) അവരെ (കുട്ടികളെ) നല്കി അനുഗ്രഹിക്കുമ്പോൾ, അതു വേണ്ടാ എന്നു പറയുവാൻ നമുക്കു കഴിയില്ല. എന്നാൽ കുട്ടികൾ നമ്മുടെ ധനമോ നമ്മുടെ അടിമകളോ അല്ല. അവരുടെ രക്ഷകർത്തൃത്വം നമുക്കുണ്ട്, അവരോടുള്ള ഉത്തരവാദിത്വങ്ങളും നമുക്കുണ്ട്. അല്ലാഹുവിനെ ആരാധിക്കുന്നവരായി നാം അവരെ വളർത്തി എടുക്കേണ്ട്തുണ്ട്. യഥാർഥ ജീവിതോദ്ദേശ്യം എന്താണെന്ന് അവരെ പഠിപ്പിക്കേണ്ടതുണ്ട്. ഈ ലോകത്തിൽ (ഭൗതികതയിൽ) ആഴ്ന്നു പോകുന്ന നിലയിൽ അവരെ വഴിതിരിച്ചു വിടരുത്. രക്ഷകർത്താക്കളുടെ ചുമതലയാണ് അവർക്ക് സുരക്ഷിതത്വം നല്കുക, ഭക്ഷണം നല്കുക, അവരുടെ ആത്മീയ പുരോഗതിക്കുള്ള സഹായങ്ങൾ നല്കുക, അതിലൂടെ മൃഗീയ വാസനകൾക്കപ്പുറത്തേക്ക് അവരെ കൈപിടിച്ചുയർത്തുക തുടങ്ങിയവ.

വിശുദ്ധ ഖുർആനിൽ സർവ്വശക്തനായ അല്ലാഹു യൂസുഫ് നബി(അ) യുടെ കാര്യത്തെപ്പറ്റി നമ്മോടു പറയുന്നു. (12:24–34). തന്റെ യജമാനന്റെ ഭാര്യയെ വശീകരിക്കുവാൻ ശ്രമിച്ചതിനെ പ്പറ്റി അദ്ദേഹത്തിന്റെ മേൽ കുറ്റം ആരോപിക്കുന്നുണ്ട്. അവസരം കിട്ടിയാൽ പുരുഷന്മാർ അത്തരത്തിലുള്ള പ്രവർത്തികൾ ചെയ്യുമെന്നുള്ളതിന് സാദ്ധ്യതയുണ്ട്. (അതിപ്പോഴും മനുഷ്യകുലത്തിൽ നിലനിൽക്കുന്നുമുണ്ട്) അങ്ങനെയൊക്കെയാണ് കാര്യങ്ങളെങ്കിലും, ഇവിടെ വെളിവാക്കപ്പെട്ടിരിക്കുന്നത് സ്ത്രീ അദ്ദേഹത്തെ വശീകരിക്കുവാൻ ശ്രമിച്ചു എന്നാണ്. അല്ലാഹുവിനെ ഭയന്നു കൊണ്ട് അദ്ദേഹം അത്തരത്തിലുള്ള ഒരു പാപം ചെയ്യുന്നതിൽ നിന്നും വിട്ടു നിന്നു എന്നുള്ളതാണ് യഥാർത്ഥ വസ്തുത. അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിച്ചശേഷം യൂസുഫ് നബി(അ) പറഞ്ഞു. '' ഞാനെന്നെ സ്വയം നിർദോഷിയെന്ന് വിധിക്കുന്നില്ല.മനുഷ്യാത്മാവ് തിൻമകൾക്കു വളരെയേറെ പ്രേരണ നല്കുന്നതാണ്. എന്റെ നാഥൻ കരുണ ചെയ്ത (ആത്മാവ്) ഒഴികെ. നിശ്ചയമായും എന്റെ നാഥൻ വളരെയേറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു ''.(12:54)

അല്ലാഹു(ത) ഇവിടെ നടത്തുന്ന നിരീക്ഷണം ഇതാണ്. അതായത് മനുഷ്യൻ അല്ലാഹു തെരഞ്ഞെടുക്കുകയും തുടർന്ന് മാർഗ്ഗദർശനം ലഭിക്കുകയും ചെയ്യുമെങ്കിലും അവനിപ്പോഴും വളർന്നുകൊണ്ടിരിക്കുന്ന ഒരു ജീവി മാത്രമാണ്. ഇതര ജീവികൾക്കുള്ള പ്രകൃതിപരമായ ആഗ്രഹാഭിലാഷങ്ങൾ അവനിലും നിക്ഷിപ്തമായിട്ടുണ്ട്. എല്ലാ ജീവികളുടെയും അടിസ്ഥാനപരമായ ആവശ്യങ്ങളിൽ പെട്ടതാണ് അത് ഏകകോശ ജീവി ആയാലും ശരി, ജൈവാണു പ്രാണി ആയാലും ശരി, അവയ്ക്ക് ഭക്ഷണം കഴിക്കൽ, ശ്വസിക്കൽ, ഉല്പാദന പ്രക്രിയ നടത്തുക തുടങ്ങിയവ (അവയുടെ അടിസ്ഥാന ആവശ്യങ്ങളാണ്) വിശുദ്ധ ഖുർ ആൻ പഠിപ്പിക്കുന്നത് ഈ അടിസ്ഥാന ഉത്തേജനങ്ങൾ നന്മയാണ്, അവയെ തടയുന്നത് ഒരിക്കലും നന്മയായിരിക്കില്ല.

ലൈംഗികാഗ്രഹങ്ങളെ തടഞ്ഞു നിർത്തി, ഈ ലോകജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറി നില്ക്കുന്നത് ജീവിതത്തിലെ ഒരു നന്മയിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. അതായത് വിവാഹവും അച്ഛനമ്മമാരാകുക എന്നതും. മനുഷ്യന്റെ ഏതൊരാഗ്രഹത്തിന് കടിഞ്ഞാണിടുന്നുവോ അത് തെറ്റിലേക്കുള്ള വഴി തുറക്കലാണ്. ഉദാഹരണത്തിന് തിന്നുക, കുടിക്കുക, തുടങ്ങിയവ. അല്ലാഹുവിൽ നിന്നു ലഭിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് നാം പ്രവർത്തിച്ചാൽ, ഈ ആഗ്രഹങ്ങളെയും അഭിലാഷങ്ങളെയും പൂർത്തിയാക്കുവാനും നിയമ വിധേയമായ നിലയിൽ നന്മ ആർജ്ജിക്കുവാനും അതിലൂടെ ഉണ്ടാകുന്ന എല്ലാ പാപങ്ങളിൽ നിന്നും ന്യൂനതകളിൽ നിന്നും രക്ഷ നേടുന്നതിനും സാധിക്കുന്നതാണ്.

നമ്മുടെ ശരീരത്തോടൊപ്പം ആത്മാവും വളരുന്നു. ശരീരവും ആത്മാവും വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നതനുസരിച്ച് നമ്മിലുള്ള മൃഗീയതൃഷ്ണയെ നിയന്ത്രിക്കുവാൻ സാധിക്കുന്നു. ഈ അവസ്ഥയ്ക്ക് പറയുന്നത് സ്വയം ശാസക ആത്മാവ് എന്നാകുന്നു. സുറ അൽഖിയമ യിൽ ആത്മാവിന്റെ ഈ പ്രവർത്തനത്തെ ഇങ്ങനെ വിവരിക്കുന്നു. '' വാസ്തവമിതാണ്, മനുഷ്യന് തന്റെ അത്മാവിൽ മേൽ ഒരു ഉൾക്കാഴ്ചയുണ്ട്. അവൻ തന്റെ ഒഴികഴിവുകൾ എത്രതന്നെ ബോധിപ്പിച്ചാലും ശരി ''.(75:15–16).

ആത്മാവിന്റെ ഈ ഭാവത്തെ നാം നമ്മുടെ ബുദ്ധിയുടെ സഹായത്താൽ തിരിച്ചറിയേണ്ട്താണ്. നാം ശ്രമിച്ചാൽ നമ്മുടെ സ്വഭാവത്തിന് കാര്യമായ മാറ്റം വരുത്തുവാൻ കഴിയുന്നതാണ്. സ്വയം ശാസക ആത്മാവിന്റെ ശരിപ്പെടുത്തലിലൂടെ നമ്മുടെ പ്രകൃതിപരമായ തൃഷ്ണകളുമായി സമരത്തിലേ ർപ്പെടുകയും അവയെ വേണ്ട നിലയിൽ നിയന്ത്രിക്കുന്നതിനുള്ള കരുത്താർജ്ജിക്കുവാനും സാധിക്കുന്നതാണ്.

ഇത് മനുഷ്യന്റെ ആത്മീയ വളർച്ചയുടെ നിർണ്ണായകഘട്ടമാണ്. രക്ഷിതാക്കളുടെയും കുട്ടികളുടെയും ഭാഗത്ത് തുടർച്ചയായ അധ്വാനം ആവശ്യമുള്ള ഘട്ടമാണ്. സൂക്ഷമസംവേദന ശക്തി ആവശ്യമുള്ള കാലമാണിത്. ഈ സമയത്ത് തൃഷ്ണകളും അഭിലാഷങ്ങളും പൂർണ്ണനിയന്ത്രണത്തിലാക്കുന്നതിന് നിയന്ത്രണ വ്യവസ്ഥയെ വളർത്തി എടുക്കേണ്ട്ത് വളരെ അത്യവശ്യമാണ്. സൂറ: അൽഫജ്റിൽ അല്ലാഹു വ്യക്തമാക്കിയ അവസ്ഥയിലേക്ക് മനുഷ്യനെ നയിക്കുന്നതാണ്. ''(അല്ലാഹു പറയും) അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംപ്രീതനും (അല്ലാഹുവിന്റെ പക്കൽ) പ്രീതിപ്പെട്ടവനുമായിക്കൊണ്ട് (നിന്റെ നാഥൻ പറയുന്നു) എന്നിട്ട് എന്റെ ഉത്തമദാസരിൽ ചേർന്നു കൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക''.(89:28–31)

ആത്മാവും–തൃഷ്ണകളും ആഗ്രഹങ്ങളും–തമ്മിലുള്ള പോരാട്ടത്തിന് വിരാമമായി. ഒടുവിൽ ആത്മാവ് വിജയശ്രീലാളിതനാകുന്നു. പ്രവർത്തനങ്ങളും വികാരങ്ങളുമില്ലാത്ത ഒരു ശരീരത്തിൽ, ഓരോ പ്രവർത്തിയും, ഓരോ പെരുമാറ്റവും ജീവിതത്തിലെ യഥാർത്ഥ സ്ഥാനത്ത്, അതായത് മനസ്സും ശരീരവും ഒരു സമയത്തും പ്രകൃതി പരമായ ഇച്ഛകൾക്ക് വിധേയമാകാതെ ശാന്തമായി തീരുന്നു. ഇതാ സമാഗതമാകുന്നു മഹത്തായ മാസം– മഹത്തായ പാഠങ്ങൾ–പ്രവർത്തി പഥത്തിലാക്കുമ്പോൾ അല്ലാഹുവിന്റെ പ്രീതി ആർജ്ജിക്കുവാനുള്ള മാസം റമദാൻ(വ്രതാനുഷ്ഠാന മാസം) വളരെ പെട്ടെന്നു തന്നെ നമ്മെ സമീപിക്കുകയാണ്. നമ്മുടെ ഇച്ഛകളെയും തൃഷ്ണകളെയും എങ്ങനെ നിയന്ത്രിക്കാമെന്ന് നമ്മെ പരിശീലിപ്പിക്കുന്ന മാസമാണിത്. ഇത്തരത്തിലൊരു പരിശീലനമാസമില്ലെങ്കിൽ നാമും മൃഗങ്ങളെപ്പോലെ തൃഷ്ണകൾക്കടിമയായി പോകുമായിരുന്നു. ഈ വ്രതമാസം നാമറിഞ്ഞിരുന്നില്ലെങ്കിൽ നാം വിശക്കുമ്പോഴെല്ലാം അടുക്കളയിലെ അലമാരയിൽ ഭക്ഷണത്തിനായി പോകുമായിരുന്നു. വിശപ്പ് എന്ന ആഗ്രഹത്തെ നമുക്ക് നിയന്ത്രണവിധേയമാക്കാനാവുമായിരുന്നില്ല.

വിശപ്പും ദാഹവും തൃപ്തിപ്പെടുത്തുവാനുള്ള ഒരു മാർഗ്ഗമായിട്ടു മാത്രമല്ല ഇന്നത്തെ തീറ്റിയും കുടിയും. ഓഫീസ് ജീവനക്കാർ അംഗീകരിക്കും ഇന്നത്തെ ഭക്ഷണരീതി ഒരു സാമൂഹ്യബാദ്ധ്യതയുടെ ഭാഗമാണ് എന്ന്. ഈ വെല്ലുവിളി നാം ഏറ്റെടുക്കുകയും ഭക്ഷണം കഴിക്കൽ വിശപ്പും ദാഹവും ശമിപ്പിക്കുവാനുള്ളതാണ് എന്ന് മനസ്സിലാക്കുകയും അതിനപ്പുറമുള്ള എല്ലാ ഭക്ഷണരീതികളും ഉപേക്ഷിക്കുവാനുമുള്ള പരിശീലനം നാം നേടേണ്ടതുണ്ട്. വിശ്വാസം നമ്മെ ശരിയായ ദിശയിലൂടെ നയിക്കട്ടെ.

ആദ്യമൊക്കെ ഇത് കഠിനതരമായി തോന്നിയേക്കാം. ദൈവതൃപ്തിക്കായി നാം അത് സഹിക്കുക. അനാവശ്യ ഇച്ഛകളെ ഉപേക്ഷിക്കുക. അവസാനം മൃഗീയതൃഷ്ണകൾ കീഴടങ്ങുകയും വിശ്വാസി ധാർമ്മികവും ആത്മീയ വുമായ പുരോഗതി നേടുകയും ചെയ്യും. അല്ലാഹു മനുഷ്യനിൽ തന്റെ ആത്മീയ ചൈതന്യം ആവാഹിപ്പിക്കു വാനും ജഡജീവിയിൽ ആത്മീയത സന്നിവേശിപ്പിച്ച് മാലാഖമാരുടെ അവസ്ഥയ്ക്കും അപ്പുറത്തേക്ക് തന്റെ ദാസരെ കടത്തിവിടുവാനും ആഗ്രഹിക്കുന്നു.

ഇൻഷാ അല്ലാഹ്. അടുത്ത വെള്ളിയാഴ്ച ഈ ഖുത്തുബ തുടരുന്നതാണ്. ആമീൻ.

Translated by: R. Jamaluddin Raother

Jamaat Ul Sahih Al Islam Kerala
Email: jamal.raother@gmail.com
Website: http://www.jamaat-ul-sahih-al-islam.com
Phone: 0475-2252530, 9447001832